മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 23

# വാർത്താക്കുറിപ്പ്

---

## പ്രൊഫ. ആന്ജ്സീഹവിന് ചെയർ പ്രൊഫസർഷിപ്പ്

ഫ്രാൻസിലെ ഐ.എം.റ്റി മൈൻസ് ആൽബി സർവകലാശാലയിലെ പ്രൊഫസർ ആന്ജ്സീഹവിനെ മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് 'ജോൺബി. ഗുഡിനഫ്, സ്റ്റാൻലി വിറ്റിൻ ഹാം & അഖിരയോഷിനോ ചെയർ പ്രൊഫസർഷിപ്പ്' നൽകി ആദരിക്കുന്നു. ഇന്ന് (മെയ് 24) വൈകുന്നേരം 5 മണി മുതൽ ഓൺലൈനായി നടക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പങ്കെടുക്കും. പ്രൊഫ.ആന്ജ്സീഹ നിലവിൽ അമേരിക്കയിലെ പ്രിൻസ്റ്റൺ സർവകലാശാലയിലെ ഫുൾബ്രൈറ്റ് വിസിറ്റിംഗ് പ്രൊഫസർ കൂടിയാണ്. ലോകപ്രശസ്ത എനർജി സയന്റിസ്റ്റായ ഇദ്ദേഹം ദീർഘകാലമായി പ്രൊഫ. സാബു തോമസിന്റെ അന്തർദേശീയ കൊളാബോറേറ്ററുമാണ്.
mgu.webex.com/mgu/j.php?MTID=m689271379a751470f55e2ed57a467242 (Meeting Number: 2512 432 3980; Password: HNsrCJEM552) എന്ന ലിങ്ക് മുഖേന പരിപാടിയിൽ പങ്കെടുക്കാം.

(പി.ആർ.ഒ./39/626/2022)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്.) ബെയ്സിക് കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പിയിൽ 10 ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. ജൂൺ അഞ്ചിന് ആരംഭിക്കുന്ന കോഴ്സിൽ ചേരുവാൻ താല്പര്യമുള്ളവർ iucdsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് - ഫോൺ: 9746085144, 9074034419.

(പി.ആർ.ഒ./39/627/2022)

## ബെയ്സിക് കൗൺസലിംഗ് ആന്റ് സൈക്കോതെറാപ്പി - ഡിപ്ലോമ കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്.) - ബെയ്സിക് കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പിയിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു ജൂൺ അഞ്ചിന് ആരംഭിക്കുന്ന കോഴ്സിൽ ചേരുവാൻ താല്പര്യമുള്ളവർ

iucdsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9746924390.

(പി.ആർ.ഒ./39/628/2022)

## പരീക്ഷകൾ മെയ് 31 മുതൽ

അഞ്ചാം സെമസ്റ്റർ ബി.എ. / ബി.എസ്.സി. / ബി.കോം. സി.ബി.സി.എസ്. (2019 അഡ്മിഷൻ - സ്പെഷ്യൽ സപ്ലിമെന്ററി - പരാജയപ്പെട്ടവർക്ക്) ബിരുദ പരീക്ഷകൾ മെയ് 31 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/629/2022)

അഞ്ചാം സെമസ്റ്റർ ബി.എ./ ബി.കോം. (സി.ബി.സി.എസ്. - 2018, 2017 അഡ്മിഷൻ - റീഅപ്പിയറൻസ്, അഡീഷണൽ ഇലക്ടീവ് വിദ്യാർത്ഥികൾ - പ്രൈവറ്റ് രജിസ്ട്രേഷൻ) ബിരുദ പരീക്ഷകൾ മെയ് 31 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/630/2022)

## പരീക്ഷാ ഫലം

2021 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേണലിസം (സി.എസ്.എസ്. - 2019 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ജൂൺ ആറ് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/631/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ